# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4920**

22.05.2017-ലെ മറുപടിക്ക്

## ഇംപ്രസ്റ്റ് മണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെയും കെട്ടിടങ്ങളുടെയും റസ്റ്റ്ഹൗസുകളുടെയും സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെയും അടിയന്തര അറ്റകുറ്റ പണികൾ ചെയ്യുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണി നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെയും പാലങ്ങളുടെയും അടിയന്തിര അറ്റകുറ്റ പണികൾക്കായി അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഓരോ സാമ്പത്തിക വർഷത്തിലും 50,000/- രൂപ വീതം ഇംപ്രസ്റ്റ് മണി നൽകി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻ കീഴിലെ റസ്റ്റ്ഹൗസുകളുടെയും സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെയും അടിയന്തിര അറ്റകുറ്റ പണികൾ ചെയ്യുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഇംപ്രസ്റ്റ് മണി ഇതിനു മുൻപ് നൽകിയിരുന്നോ; ആയത് അവസാനിപ്പിക്കാൻ കാരണം എന്ത്; ന്യൂനതകൾ ഒഴിവാക്കി വ്യക്തമായ വ്യവസ്ഥകളോടെ ഇംപ്രസ്റ്റ് മണി നൽകുന്ന കാര്യം പരിശോധിക്കുമോ? | (ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർമാർക്ക് 2008 മുതൽ ഇംപ്രസ്റ്റ് മണി നൽകി വരുന്നുണ്ട്. ഇംപ്രസ്റ്റ് മണി നൽകുന്നത് അവസാനിപ്പിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ഇംപ്രസ്റ്റ് മണി നൽകുന്നതിനുള്ള പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ